## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1836 — 06.07.2015-ൽ മറുപടിക്ക്.

### ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ദേശീയ പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | : (എ) ഉണ്ട്. |
| (ബി) സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ; | : (ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയുംകുറിച്ചുള്ള അന്വേഷണത്തിന് സഹായമാകുന്ന തരത്തിൽ ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യവികസനം ഒരുക്കുക; പൊതുജനങ്ങൾക്ക് വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാക്കുക. |
| (സി) പദ്ധതി എങ്ങനെയാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | : (സി) ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും, 6000 അനുബന്ധ പോലീസ് ഓഫീസുകളും, അടുത്ത ഘട്ടത്തിൽ മറ്റ് ഇതര ഡിപ്പാർട്ട്മെന്റുകളായ Transport, Immigration, Passport, Central Police agencies തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുക വഴി കുറ്റാന്വേഷണത്തിനും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഫലപ്രദമായ തീരുമാനമെടുക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) മിനിസ്റ്ററി ഓഫ് ഹോം അഫയേഴ്സിൽ നിന്നും ലഭ്യമായിട്ടുള്ള കോർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ (CAS) സംസ്ഥാനത്തെ ഡാറ്റാ സെന്ററിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ഒരേ സമയം പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിക്കാൻ കഴിയും; ഇതിനുവേണ്ടി സുരക്ഷിതവും സ്വന്തവുമായൊരു നെറ്റ് വർക്ക് (VPN) |

നല്കിയിട്ടുണ്ട്. കേരളത്തിൽ രണ്ട് നെറ്റ് വർക്കുകളാണ് ഇതിനു വേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. (i) ബി.എസ്.എൻ.എൽ നെറ്റ് വർക്കും (2) കേരളാ സ്റ്റേറ്റ് വൈഡ് ഏര്യ നെറ്റ് വർക്കും. പ്രസ്തുത നെറ്റ് വർക്കുകൾ മുഖേന കേരളത്തിലെ 482 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 835 പോലീസ് ഓഫീസുകളെ ബന്ധിപ്പിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ നിന്നും കോർ ആപ്ളിക്കേഷൻ സോഫ്റ്റ് വെയറിലേക്ക് നൽകുന്ന വിവരങ്ങൾ യഥാസമയം സംസ്ഥാന ഡാറ്റാ സെന്ററിൽ എത്തുകയും പ്രസ്തുത വിവരങ്ങൾ സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും രാജ്യത്തെ എല്ലാ പോലീസ് ഓഫീസുകളിലും ലഭ്യമാകുന്നതുമാണ്.

സെക്ഷൻ ഓഫീസർ